# KERALA ELECTRICITY EMPLOYEES' CONFEDERATION
# INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
**V.P. MARAKKAR SMARAKA MANDIRAM**
**AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001**
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം,
24.10.2014.

**സ്വീകർത്താവ്**

ബഹുമാനപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഭവനം,
തിരുവനന്തപുരം.

**സർ,**

വിഷയം:- വിവിധ ജില്ലകളിൽ വർക്കർ നിയമനം സംബന്ധിച്ച്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ വിവിധ ജില്ലകളിൽ 550 വർക്കർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധി പ്രകാരം 1061 ഒഴിവുകൾ മാറ്റി വയ്ക്കണമെന്ന ന്യായം പറഞ്ഞ് നിയമനം നടത്താനിരിക്കുന്നത് ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിക്കും. പ്രസ്തുത വിധി വന്നിട്ട് വർഷങ്ങളായി. 2011ൽ പുതിയ വർക്കർമാരെ നിയമിച്ചപ്പോഴും ഈ വിധി നിലവിലുണ്ടായിരുന്നു. എന്നാൽ നിയമനം നടത്തിയില്ലായെങ്കിൽ ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ നിയമനം നടത്തുകയായിരുന്നു. കോൺട്രാക്ട് വർക്കർമാരുടെ നിയമനം വർഷങ്ങളായി അനിശ്ചിതത്വത്തിൽ തുടരുന്ന കാര്യമായതിനാൽ നിലവിലുള്ള ഒഴിവുകൾ ഒഴിച്ചിടുന്നത് പ്രവർത്തനങ്ങളെ ബാധിക്കും.

നിലവിൽ പുതിയ 16 സെക്ഷനുകൾ തീരുമാനമായിട്ടുണ്ട്. 16 സെക്ഷനുകളിൽ (16 x 6 + 16 x 12 + 16 x 6 + 16 x 3) 432 ഒഴിവുകൾ വരും. നിലവിൽ കോൺട്രാക്ട് വർക്കറുടെ ലിസ്റ്റിൽ ഉദ്ദേശം 700 നട്ടത്ത് പേർക്ക് മാത്രമേ നിയമനം ലഭിക്കാൻ അർഹതയുള്ളൂ. പുതിയ സെക്ഷനുകളിലെ ഒഴിവുകൾക്ക് അനുവാദം നൽകി കോൺട്രാക്ട് വർക്കറുടെ നിയമനപ്രശ്നം പരിഹരിക്കാൻ സാധിക്കും.

ആയതിനാൽ വിവിധ ജില്ലകളിൽ നിലവിലുള്ള ഒഴിവുകൾ ഉടൻ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Sibykutty

ജനറൽ സെക്രട്ടറി.